# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

ജ്ഞാനപഥം

## സെന്റ് ഇഫ്രേംസ് ഹൈസ്കൂൾ ചിറക്കടവ്

## <u>ഉള്ളടക്കം</u>

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയ ചരിത്രം

4. വിദ്യാലയം മികവിന്റെ കേന്ദ്രം പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ.

6. നിലവിലെ അവസ്ഥാ വിശകലനം

7. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ
   (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം

## ആമുഖം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി സബ് ജില്ലയിൽപ്പെടുന്നതും ചിറക്കടവ് പഞ്ചായത്തിന്റെ ഭാഗവുമായ ചിറക്കടവിൽ ചിറ്റാർപുഴയുടെ തീരത്ത് അക്ഷരകേരളത്തിന്റെ അഭിമാനമായി നിലകൊള്ളുന്ന സെന്റ് ഇഫ്രേംസ് ഹൈസ്കൂൾ 1979 ലാണ് സ്ഥാപിതമായത്. 7 അദ്ധ്യാപകരും 142 കുട്ടികളുമായി ആരംഭിച്ച ഈ സ്കൂളിൽ ഇന്ന് പ്രധാനഅദ്ധ്യാപിക ഉൾപ്പെടെ 19 അദ്ധ്യാപകർ 4 അനദ്ധ്യാപകർ, പാചകത്തൊഴിലാളി എന്നിവർ സേവനമനുഷ്ഠിക്കുന്നു.

പഠനരംഗത്തും പാഠ്യേതരരംഗത്തും കൈവരിച്ച നേട്ടങ്ങൾ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും കുട്ടികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നു. ഈ സരസ്വതിക്ഷേത്രത്തിൽ നിന്നും വിദ്യഅഭ്യസിച്ചു കടന്നുപോയ ധാരാള മഹത്വ്യക്തികൾ ഇന്ന് സമൂഹത്തിലെ വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

കലാകായിക, ശാസ്ത്ര, പ്രവർത്തിപരിചയ മേളകളിൽ എല്ലാവർഷവും കുട്ടികളെ പങ്കെടുപ്പിക്കുകയും ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാരംഗം കലാസാഹിത്യവേദി, ജൂനിയർറെഡ്ക്രോസ്, എൻ. സി. സി. യൂണിറ്റ്, ലിറ്റിൽ കൈറ്റ്സ് എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കുട്ടികളുടെ സമഗ്രവികസനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്കൂൾ പാർലമെന്റ്, ടീൻസ് ക്ലബ്, ഹെൽത്ത് ക്ലബ്ബ്, ഡി.സി.എൽ., ശാസ്ത്രക്ലബ്ബ്, ഗണിത ക്ലബ്ബ് തുടങ്ങിയ തുടങ്ങിയ വിവിധ കർമ്മവേദികൾ ഇവിടെയുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി വിൻസെൻറ് ഡി പോൾ, സോഷ്യൽ സർവ്വീസ്ലീഗ് എന്നിവ പ്രവർത്തിക്കുന്നു.

തിരുമുറ്റം കൂട്ടായ്മ എന്ന പൂർവ്വവിദ്യാർത്ഥി അദ്ധ്യാപക സംഘടന സ്കൂളിലെ വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാണ്. വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങളായ സബ്ജക്റ്റ് കൗൺസിൽ, എസ്. ആർ. ജി., പി. റ്റി എ, എം. പി. റ്റി. എ., എസ്. എസ്. ജി., സ്കൂൾ വികസന ജാഗ്രതാ സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിതന്നെ നടക്കുന്നു.

## <u>ലക്ഷ്യങ്ങൾ</u>

- മതനിരപേക്ഷ, ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണാന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

- അക്കാദമിക്ക് മികവിന് ഉപകരിക്കുന്ന ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

- ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

- അദ്ധ്യാപനവും, അദ്ധ്യയനവും സർഗ്ഗാത്മാകവും, രസകരവുമാകുന്നതിന് ഉപകരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയ ചരിത്രം

കാഞ്ഞിരപ്പള്ളി രൂപതയുടെ കീഴിലുള്ള ചിറക്കടവ് താമരക്കുന്ന് സെന്റ് ഇഫ്രേംസ് ദൈവാലയ മാനേജ്മെന്റിന്റെ കീഴിൽ 1979 ലാണ് സ്കൂൾ സ്ഥാപിതമായത്. റവ. ഫാ. ആന്റണി നിരപ്പേൽ ആണ് സ്ഥാപക മാനേജർ, അദ്ധ്യാപകർക്കുള്ള ദേശീയ അവാർഡ് ജേതാവ് ശ്രീ എം. ജെ. തോമസ് സാറായിരുന്നു ആദ്യ പ്രധാനാദ്ധ്യാപകൻ. 7 അദ്ധ്യാപ കരും 142 കുട്ടികളുമായി ആരംഭിച്ച ഈ സ്കൂളിൽ ഇന്ന് 19 അദ്ധ്യാപകർ 4 അനദ്ധ്യാപ കർ, പാചകത്തൊഴിലാളി, ഒരു റിസോഴ്സ് ടീച്ചർ എന്നിവർ സേവനമനുഷ്ഠിക്കുന്നു. 1979 മുതൽ 2024 വരെ ഏകദേശം ഇരുപതിനായിരത്തോളം വിദ്യാർത്ഥികൾക്ക് വിദ്യപകർന്നു കൊടുക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചു.

## അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :സെന്റ് ഇഫ്രേംസ് ഹൈസ്കൂൾ |
| വിലാസം | : ചിറക്കടവ് പി. ഒ., കാഞ്ഞിരപ്പള്ളി |
| ഫോൺ | : 04828 230256 |
| സ്കൂൾ കോഡ് | : 32020 |
| വിദ്യാഭ്യാസ ഉപജില്ല | : കാഞ്ഞിരപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | : കാഞ്ഞിരപ്പള്ളി |
| റവന്യൂ ജില്ല | : കോട്ടയം |
| ബി. ആർ. സി. | : കാഞ്ഞിരപ്പള്ളി |
| ഗ്രാമപഞ്ചായത്ത് | : ചിറക്കടവ് |
| ബ്ലോക്ക് പഞ്ചായത്ത് | : വാഴൂർ |
| ജില്ലാ പഞ്ചായത്ത് | : കോട്ടയം |
| താലൂക്ക് | : കാഞ്ഞിരപ്പള്ളി |
| വില്ലേജ് | : കാഞ്ഞിരപ്പള്ളി |
| ഇ-മെയിൽ | : kply32020@gmail.com |
| വെബ്സൈറ്റ് | : https://schoolwiki.in/St._Ephrem%27s_H.S._Chirackadavu |

## അദ്ധ്യാപകരുടെ പേരുവിവരങ്ങൾ

- ബിൻസി എബ്രഹം ( ഹെഡ്മിസ്ട്രസ്സ് )
- പ്രിയ എസ്. ദാസ്
- സാന്റു കെ. ജോർജ്ജ്
- ഫിൽജുമോൻ എബ്രാഹം
- തൃപ്തി മേരി
- പ്രീതി എബ്രാഹം
- സ്മിത എസ്. നായർ
- ബോണിറ്റാ സ്റ്റീഫൻ
- ജെയിംസ് ജോസഫ്
- റ്റൈനി മാത്യു
- സജിത എം. കെ.
- പ്രിൻസി മാത്യു
- ജോഫി തോമസ്
- ജോർട്ടിൻ മാത്യു
- അന്ന ജോസഫ്
- ജെറിൻ മാത്യു
- രേഷ്മ ഡോമിനിക്
- ശ്രുതിമോൾ എസ്
- അൽഫോൻസ ജോസഫ്
- മരിയ ജേക്കബ്

## അനദ്ധ്യാപകർ

- ജയൻ എബ്രഹാം
- സോണി വർഗ്ഗീസ്
- എബിൻ അപ്രേം
- അന്ന ബോസ്

## വിദ്യാലയം - മികവിന്റെ കേന്ദ്രം- കാഴ്ച്ചപ്പാട്

1. മോചനമരുളുന്നത് എന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ച്ചപ്പാടിനെയും വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തേയും സാക്ഷാത്ക്കിരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ-പാഠനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ
3. ശുചിത്വം, ദീനാനുകമ്പ, തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെട്ടു ത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ.
5. ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടു ന്നുണ്ട് എന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘടകങ്ങൾ

1. എസ്. ആർ.ജി. യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ കാഴ്ച്ചപ്പാട് അവതരിപ്പിക്കലും, ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടുരൂപരേഖ തയ്യാറാക്കൽ.
3. കരടുരൂപരേഖ എസ് ആർ. ജി., എസ്. എം. എസി., പി. റ്റി. എ. എം. പി.റ്റിഎ., ഒ. എസ്. എ., എസ്. ഡി. സി., രാഷ്ട്രീയസംഘടനാപ്രതി നിധികൾ, ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5. പി. റ്റി. എ. നേതൃത്വത്തിൽ ക്രോഡികൃത പദ്ധതിരേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാ വിശകലനം

**ഭൗതികം** - പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി റീഡിംഗ് റൂം, വാഷിംഗ്ഏരിയ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഹൈടെക് ക്ലാസ്സ് മുറി പ്രവർത്തനം ആരംഭിച്ചു. കോടയം ജില്ലാ പഞ്ചായതിൽ നിന്ന് പെൺകുട്ടികൾക്കായി ടോയ്‌ലറ്റ് സമുച്ചയം ലഭിച്ചു.

## പരിമിതികൾ

ക്ലാസ്സ് റൂമുകളുടെ അപര്യാപ്തത, ഡൈനിംഗ് റൂം, വിശ്രമമുറി, ഇൻഡോർ ഗ്രൗണ്ടുകൾ എന്നിവയുടെ അപര്യാപ്തത, സ്കൂൾ കോമ്പൗണ്ടിൽ ഉദ്യാനങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലപരിമിതി, ക്ലാസ്സ് മുറികളിലും മറ്റും വേണ്ടത്ര സൗകര്യമില്ലായ്മ.

## അക്കാദമികം- നേട്ടങ്ങൾ

സ്കൂളിന്റെ പ്രാരംഭ കാലഘട്ടം മുതൽ എസ്. എസ്. എൽ.സി. പരീക്ഷയിൽ ഉന്നത വിജയം നിലനിർത്തുന്നു. വിക്ടേഴ്സ് ചാനൽ സംഘടിപ്പിച്ച ഹരിത വിദ്യാലയം പരിപാടിയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുവാൻ സാധിച്ചു. മാതൃഭൂമി-നന്മ പദ്ധതിയിൽ കോട്ടയം ജില്ലയിൽ ഒന്നാം സ്ഥാനം കൈവരിച്ചു. ഒട്ടേറെ ജീവകാരുണ്യപ്രവർത്തനങ്ങൾ വിൻസൻറ് ഡി പോൾ തുടങ്ങിയ സൊസൈറ്റികളുമായി ചേർന്ന് നടത്തുന്നു. കലാ-കായിക മത്സരങ്ങളിൽ സ്റ്റേറ്റ് തലം വരെ കുട്ടികളെ പങ്കെടുപ്പിക്കുവാനും സമ്മാനങ്ങൾ നേടാനും കഴിഞ്ഞിട്ടുണ്ട്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നു.

## അക്കാദമികം - പരിമിതികൾ

വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ഗ്രന്ഥശാല നവീകരിക്കണം, ലാബോറട്ടറികൾ ആധുനികവൽക്കരിക്കണം. കുട്ടികളുടെ വിവിധ കഴിവുകൾ മനസ്സിലാക്കി അവർക്ക് വേണ്ട പ്രോത്സാഹനം നൽകുന്നതിനുള്ള സാഹചര്യങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെടണം. കൗൺസിലിഗിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം. കുട്ടികളുടെ മാനസികാരോഗ്യത്തിനുള്ള പദ്ധതികൾ രൂപീകരിക്കപ്പെടണം. കൂടുതലും ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള (ബി.പി.എൽ) കുട്ടികളായതിനാൽ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

**അക്കാദമികം :**

- ➔ ഭാഷാശേഷി വികസനം
- ➔ ഗണിതശേഷി വികസനം
- ➔ സ്റ്റാഫ് റൂം നവീകരണം
- ➔ ഇംഗ്ലീഷ് പഠനപരിപോഷണം
- ➔ ശാസ്ത്ര പോഷണ പരിപാടി
- ➔ വായനാപരിപോഷണം
- ➔ ലൈബ്രറി ശാക്തീകരണം
- ➔ ലബോറട്ടറി ആധുനികവത്ക്കരിക്കൽ
- ➔ പ്രതിഭാ പോഷണ പരിപാടി
- ➔ നാടകക്കളരി
- ➔ ജൈവ വൈവിധ്യ പാർക്ക്
- ➔ സാഹിത്യ പോഷണ പരിപാടികൾ
- ➔ പഠനയാത്രകൾ
- ➔ സെമിനാറുകൾ
- ➔ കലാ-കായിക മേള
- ➔ സ്കൂൾപത്രം/മാസിക
- ➔ പ്രവൃത്തി പരിചയ പഠനം
- ➔ പച്ചക്കറിത്തോട്ടം
- ➔ അഭിമുഖങ്ങൾ
- ➔ ഒറിഗാമി ശില്പശാല
- ➔ ഗണിത ലാബ്
- ➔ ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ

**ഭൗതികം :**

- ➔ ക്ലാസ്സ് മുറികൾ നവീകരണം
- ➔ സ്റ്റാഫ് റൂം നവീകരണം
- ➔ വിശ്രമമുറി
- ➔ ഡൈനിംഗ് ഹാൾ
- ➔ മാലിന്യസംസ്കരണം
- ➔ സ്കൂൾ പരിസരം നവീകരിക്കൽ
- ➔ ലൈബ്രറി മെച്ചപ്പെടുത്തൽ

**സാമൂഹികം :**

- പി.റ്റി.എ ശക്തി പ്പെടുത്തൽ
- വിദ്യാലയ വിക സനസമിതി
- പൂർവ്വവിദ്യാർത്ഥി-സംഘടനയുടെപ്രവർത്തനം
- സഹകരണ സ്ഥാപനങ്ങൾ, വ്യാവസായ ഗ്രൂപ്പുകൾ, ക്ലബ്ബുകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാദ്ധ്യാപകർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ.
- ഭവന സന്ദർശനം.
- ക്ലാസ്സ് പി റ്റി എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ.
- അർഹതയുള്ള പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം.

# അക്കാദമിക് മാസ്റ്റർപ്ലാൻ - മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൈയ്യെഴുത്തു മാസിക, ലേഖനസമാഹാരം, കഥാസമാഹാരം | ലേഖനങ്ങൾ, കവിതകൾ, വായനക്കുറിപ്പുകൾ, കഥകൾ തുടങ്ങിയ സാഹിത്യരചനകൾ നടത്തുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുന്നു. | ആറ് മാസം | അധ്യാപകരുടെ സഹായത്തോടെ വിദ്യാർത്ഥികൾ | |
| 2 | സാക്ഷരത | സ്വതന്ത്രമായ വായനക്കും എഴുത്തിനുമുള്ള പ്രാപ്തിയുണ്ടാക്കൽ | ഓരോ വർഷ 8, 9 ക്ലാസ്സുകളിൽ | അദ്ധ്യാപകർ മിടുക്കരായ കുട്ടികൾ | |
| 3 | പൊതുവിജ്ഞാനം | പത്രവായന | എല്ലാ ആഴ്ചയും അസ്സംബ്ലിയിൽ | വായനയിൽ മിടുക്കരായ കുട്ടികൾ | |
| 4 | ഉത്തരവാദിത്വബോധം, ലൈബ്രറിയെക്കുറിച്ചുള്ള അവബോധം, വായനക്കുള്ള അവസരം | ലൈബ്രറി പ്രവർത്തനങ്ങളുടെ ചുമതല | എല്ലാ ദിവസവും | ചുമതല വഹിക്കുന്ന അദ്ധ്യാപകന്റെ നേതൃതത്തിൽ പ്രവർത്തനം കുട്ടികൾക്ക് വീതിച്ചു നൽകുന്നു | |
| 5 | സാഹിത്യാഭിരുചി, ഭാഷ സർഗ്ഗാത്മാകത | കഥാരചന, കവിതാ രചന, കൈയെഴുത്ത് മാസിക | രണ്ടുവർഷം (മാസിക) | അദ്ധ്യാപകർ അഭിരുചിയുള്ള | |
| 6 | പദ സമ്പത്ത് വർദ്ധിപ്പിക്കൽ | പദക്കൂട്ടുക്ക നിർമ്മാണം | മാസത്തിൽ ഒന്ന് | കുട്ടികൾ | |
| 7 | നാടകാവതരണം | നാടകങ്ങൾ എഴുതി അഭിനയിക്കുന്നു | വർഷത്തിൽ രണ്ട് | നാടക കലാകാരന്മാർ എസ്. ആർ. ജി അദ്ധ്യാപകർ | |
| 8 | ശ്രുവണവായന,പ്രസംഗമത്സരം | ഉറക്കെ വായിപ്പിക്കുന്നു. മത്സരം സംഘടിപ്പിക്കൽ. | മാസത്തിൽ 2 | അദ്ധ്യാപകൻ വാഗമികളായ പ്രതിഭാശാലികൾ | |

# Academic Master Plan
## English

| | *Name of Activity* | *Purpose* | *Time Period* | *In-Charge Teachers* | *Finance* | *Month* |
|---|---|---|---|---|---|---|
| 1 | Script Writing | Creative Writing | 2 hours | English Teachers | - | June |
| 2 | English Clubs | Communicative Skill -Leadership | Once in a week | English Teachers | 2000 | July |
| 3 | Soliloquy and Monologu e | Expression of Ideas and Emotions | Monthly | English Teachers | - | august |
| 4 | 1 Minute Speech | Public Speaker | Daily | English Teachers | - | September |
| 5 | Open form and Discussion | Ability to Talk | Monthly | English Teachers | 1000 | October |
| 6 | Choreogra phy | Poetic Devices | Fortnight | English Teachers | - | November |
| 7 | Language Games | | | English Teachers | - | |

# അക്കാദമിക് മാസ്റ്റർപ്ലാൻ-ഹിന്ദി

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയള വ് | നിർവഹണ ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| 1 | സംസാരഭാഷ എന്ന നിലയിലേക്ക് ഹിന്ദിയെ ഉയർത്തുക, ഇതിലൂടെ ഹിന്ദി ഭാഷാ പഠനം കൂടുതൽ ലളിതമാക്കുന്നു | ഇതിനായ് ഹിന്ദി നാട കോത്സവങ്ങൾ സംഘടി പ്പിക്കുന്നു. അഭിനയശേ ഷിയുള്ള കുട്ടികളെ കണ്ടെത്തി അവർ തന്നെ പഠിച്ച കഥകളുടെ തിരക്ക ഥകളിലൂടെ നാടക രചനയും അഭിനയവും നിർവ്വഹിക്കുന്നു. | 1 വർഷം | ഹിന്ദി ക്ലബ്ബ് | 2000 |
| 2 | ഐ. സി. റ്റി ഉപയോഗം | അഭിനയപരിശീലനം ഇതിനായിയിഹിന്ദി നാച കങ്ങൾ കാണാനുള്ളസാ ഹചര്യങ്ങൾ, വിവിധ വ്യക്തികളുമായുള്ള ഹിന്ദി അഭിമുഖങ്ങൾ എന്നിവയ്ക്കുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു | | ലിറ്റിൽ കൈറ്റ്സ്സിന്റെ ഐ. സി.ടി സാധ്യത വിനി യോഗിക്കുന്നു. | |
| 3 | പി.റ്റി.എ. സമ്മേളനത്തിൽ നാടകാവതരണം | കുട്ടികൾ തങ്ങൾ തയ്യാറക്കിയ നാടകങ്ങൾ പി. റ്റി. എ യുടെ മുന്നിൽ ഐ. റ്റി. സി. സാധ്യതകൾ ഉപയോഗിച്ച് അവതരിപ്പിക്കുന്നു. | | ലിറ്റിൽ കൈറ്റ്സ്സിന്റെ ഐ. സി.ടി ഹിന്ദി ക്ലബ്ബ് | |
| 4 | കഥാരചന ഇതിലൂടെ ഹിന്ദി സാഹിത്യത്തെ പരി ചയപ്പെടുക വായനാശീലം വർദ്ധിപ്പിക്കുന്നു. | ഇതിനായി ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെ കൂടുതൽ ഹിന്ദി പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് നൽകുന്നു. | 6 മാസം മുതൽ 1 വർഷം വരെ | ഹിന്ദി ക്ലബ്ബ്, ലൈബ്രറി | 2000 |
| 5 | കുട്ടികളിലെ സൃഷ്ടിപരമായ കഴിവുകളെ വളർത്തുക | കുട്ടികളുടെ കൃതികൾ ഉൾപ്പെടുത്തിയുള്ള കൈയ്യെഴുത്ത് മാസിക നിർമ്മിക്കുക. | | | |
| 6 | ഹിന്ദി ഭാഷ പ്രദേശങ്ങളെ അടുത്തറിയുക | ഇതിനായി ഹിന്ദി മാതൃഭാഷയായിട്ടുള്ള സ്ഥലങ്ങളിലേയ്ക്ക് നടത്തുന്ന പഠന യാത്ര വളരെ സഹായകമാണ്. ഈ പ്രദേശങ്ങളിലെ ജീവിതരീതികളും സംസ്കാരവുമായി നമ്മുടെ ജീവിത രീതികളെ ബന്ധപ്പെടുത്തി ചർച്ച ചെയ്യുന്നതിനും നല്ലവശങ്ങളെ സ്വാംശീകരിക്കുന്നതിനും സാധിക്കുന്നു. | | | 1000 |

# അക്കാദമിക് മാസ്റ്റർപ്ലാൻ-ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ആശയ ധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേർസ് ഗ്രാന്റ് |
| 2 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശീലപാശാലകൾ | തുടർപ്രവർത്തന ങ്ങൾ | അധ്യാപകർ | മാത്സ് ക്ലബ്ബ് |
| 3 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപെടുത്തൽ | മാത്സ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ | അധ്യാപകർ | മാത്സ് ക്ലബ്ബ്, പി ടി എ |
| 4 | ഗണിത മത്സര വേദിയിലേക്ക് | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് | മാസത്തിൽ ഒന്ന് | അധ്യാപകർ, ക്ലബ്ബ് സെക്രട്ടറി | മാത്സ് ക്ലബ്ബ്, പി ടി എ |
| 5 | ഗണിത ലാബ് | പഠന ഉപകരണങ്ങൾ ശേകരിക്കൽ | ജൂൺ, ജൂലൈ | അധ്യാപകർ, ക്ലബ്ബ് സെക്രട്ടറി | മാത്സ് ക്ലബ്ബ്, പി ടി എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഊർജ്ജതന്ത്രം

| ക്രമ ന മ്പ ർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1 | ഊർജ്ജതന്ത്രം | ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന ഉപകരണങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു . ഇവയിൽ ഏറ്റവും മികച്ചത് മേളകളിൽ അവതരിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | Rs: 5000 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക |
| 2 | ഊർജ്ജതന്ത്രം | വീടുകളിലും സ്കൂളുകളിലും ഊർജ്ജ സംരക്ഷിക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം എന്ന് ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. എസ് ഇ പി യുടെ ആഭിമുഖ്യത്തിൽ ഒരു കാർട്ടൂൺ മത്സരം നടത്തുന്നു . വിജയികളെ ജില്ലാതലത്തിൽ പങ്കെടുപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | എസ് ഇ പി യിലെ അംഗങ്ങൾ ക്ലാസ്സുകൾ എടുക്കുന്നു | Rs : 1000s | കുട്ടികളിൽ ഊർജ്ജസംരക്ഷണ ബോധം വളർത്തുക |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ബയോളജി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠനയാത്രകൾ, യാത്രകളിലൂടെ കുട്ടികൾക്ക് പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | ഫീൽഡ് ട്രിപ്പ് | വർഷത്തിൽ രണ്ട് | സയൻസ് ക്ലബ്ബ് | കുട്ടികളിൽ നിന്നും കളക്ട് ചെയ്യുന്നു |
| 2 | പോഷകാഹാര വിഭവങ്ങൾ പരിചയപ്പെടുത്തൽ | ഇലക്കറികൾ മുളപ്പിച്ച ധാന്യങ്ങൾ | ടേമിൽ 1 | ഹെൽത്ത് ക്ലബ്ബ് | “ |
| 3 | ശാസ്ത്രലാബ് നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും തരംതിരിച്ച് ക്രമീകരിക്കുന്നു | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ്ബ് | “ |
| 4 | ഔഷധത്തോട്ടം തുളസിവനം നിർമ്മാണം | കുട്ടികൾ വിവിധ തരത്തിലുള്ള ഔഷധച്ചെടി തുളസി എന്നിവ നട്ടുവളർത്തുന്നു | വർഷത്തിൽ ഒന്ന് | ഒമ്പതിലെ കുട്ടികൾ | “ |
| 5 | ഇഞ്ചി കൃഷി മഞ്ഞൾ കൃഷി | ഗ്രോബാഗിൽ ഇഞ്ചി മഞ്ഞൾ കൃഷി കുട്ടികൾ നടത്തുന്നു | വർഷത്തിൽ ഒന്ന് | എട്ടാം ക്ലാസിലെ കുട്ടികൾ | “ |

# അക്കാദമിക് മാസ്റ്റർപ്ലാൻ- രസതന്ത്രം

| ക്രമ നമ്പർ | ***ലക്ഷ്യം*** | ***പ്രവർത്തനങ്ങൾ*** | ***കാലയളവ്*** | ***നിർവഹണ ചുമതല*** | ***സാമ്പത്തികം*** |
|---|---|---|---|---|---|
| 1 | ശാസ്ത്രീയമായ മാലിന്യ സംസ്കരണം | ജൈവ അജൈവ മാലിന്യം തരംതിരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴുകി ഉണക്കി ഹരിതകർമ്മസേന കൈമാറുന്നു. ജൈവമാലിന്യങ്ങൾ ശരിയായി സംസ്കരിച്ച് ഉപയോഗിക്കുന്നു . | അക്കാദമിക വർഷം മുഴുവൻ | വിവിധ ക്ലബ്ബുകൾ | പി ടി എ |
| 2 | കാർഷികരംഗത്ത് പിഎച്ച് പ്രാധാന്യം | വിവിധ വിളകൾക്ക് വിവിധ പിഎച്ച് മണ്ണാണ് അനുയോജ്യം എന്ന് മനസ്സിലാക്കി നമ്മുടെ പരിസരത്തെ മണ്ണിൻറെ പിഎച്ച് മൂല്യം കണ്ടെത്തുന്നു | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ് | |
| 3 | കുട്ടികളിൽ ശാസ്ത്ര അഭിമുഖം വളർത്തുക | ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന പരീക്ഷണങ്ങൾ അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു പ്രവർത്തനക്രമം ചിത്രങ്ങൾ ഇവ രേഖപ്പെടുത്തുന്നു | മാസത്തിൽ ഒന്ന് | എസ് ആർ ജി | |
| 4 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുന്നു | സ്കൂൾ ശാസ്ത്രമേളയിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വർഷത്തിൽ ഒന്ന് | സയൻസ് ക്ലബ് | 4000 |
| 5 | പഠനയാത്രകൾ | നിത്യ ജീവിതത്തിൽ ശാസ്ത്രത്തിൻറെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ ചെറിയ ഫാക്ടറി സയൻസ് എക്സിബിഷൻ സന്ദർശനം | വർഷത്തിൽ രണ്ട് | സയൻസ് ക്ലബ് | 2000 |

# അക്കാദമിക് മാസ്റ്റർപ്ലാൻ - സാമൂഹ്യശാസ്ത്രം

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തി കം |
|---|---|---|---|---|---|
| 1 | **ക്വിസ് മത്സരം -** സാമൂഹ്യ ശാസ്ത്രത്തിൻറെ വിവിധങ്ങളായ വിഷയങ്ങളിലേക്ക് കുട്ടികളെ ബോധ്യപ്പെടുത്തുക | ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക ലീഗ് വായനക്ക് ഉതകുന്ന പുസ്തകങ്ങൾ മനസ്സിൽ മാസികകൾ സംഘടിപ്പിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുക | മാസത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | സ്പോൺസ ർഷിപ്പ് |
| 2 | **സംവാദം -** ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി അവയെക്കുറിച്ചുള്ള അവബോധവും നിഗമനങ്ങളും രൂപീകരിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുക | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് സംവാദങ്ങൾ സംഘടിപ്പിക്കുക | ത്രൈമാസം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | സ്പോൺസ ർഷിപ്പ് |
| 3 | **മോഡൽ പാർലമെൻറ്** ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക | സ്കൂൾ പാർലമെൻറ് രൂപീകരിക്കൽ മോഡൽ പാർലമെൻറ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി സ്കൂൾ പാർലമെൻറ് | |
| 4 | സാമൂഹ്യ ശാസ്ത്ര പ്രവർത്തനങ്ങൾ വഴി കുട്ടികളുടെ ക്രിയാത്മക ശേഷി വർദ്ധിപ്പിക്കുക (ഉദാഹരണം പ്രാദേശിക ചരിത്രരചന ഭൂപട പഠനം) | സ്കൂൾതല ശാസ്ത്ര മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ്ബ് | പിടിഎ |

| | | | | | |
|---|---|---|---|---|---|
| 5 | **പഠനയാത്രകൾ** പ്രത്യേകിച്ച് അനുഭവത്തിലൂടെ പാഴ്‌വസ്തുക്കൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ മാർഗങ്ങൾ എന്നിവ സന്ദർശിക്കുന്നതിന് അവസരമൊരുക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി | രക്ഷിതാവ ് |
| 6 | പാരിസ്ഥിതികാവബോധം വളർത്തുക | സുസ്ഥിര വികസനം എന്ന ആശയം മനസ്സിലാക്കുന്നതിനും വളർത്തിയെടുക്കുന്നതിനും ആയി ഉപയോഗശൂന്യമായ പേപ്പറുകൾ വലിച്ചെറിയരുത് ശേഖരിക്കുക വൃക്ഷത്തൈ വച്ചുപിടിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ്ബ് | |
| 7 | സെമിനാർ ആനുകാലിക പ്രസക്തിയും സാമൂഹ്യശാസ്ത്ര ഭ്രതം ജനിപ്പിക്കുന്നതും ആയ വിഷയങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുക | കുട്ടികൾ വിവിധ മേഖലകളിലേക്ക് മേഖലകളെ കുറിച്ചുള്ള അറിവ് പകരുന്നതിനായി സെമിനാർ പ്രഭാഷണങ്ങൾ എന്നിവ സംഘടിപ്പിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | സ്പോൺസ ർഷിപ്പ് |

## അക്കാദമിക് മാസ്റ്റർപ്ലാൻ – ആരോഗ്യകായിക വിദ്യാഭ്യാസം

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റീമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യ - കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും, ഹൃദയശ്വസന ക്ഷമത വർധിപ്പിക്കുന്നതിനും കായികശേഷി വർധിപ്പിക്കുന്നതിനു വേണ്ടി Aerobics പരിശീലനം | ജൂൺ ഒന്നു മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ തല സമിതികൾ | വിദ്യാലയ വികസനസമിതി പൂർവവിദ്യാർത്ഥികൾ വികസനസമിതി പൂർവവിദ്യാർത്ഥികൾ, സ്പോൺസേഴ്സ് (Rs.5000 for : Speaker, Dumble, Mats) | സ്കൂളിൽ നടത്തിയ അവസ്ഥാപഠനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനം. |
| 2 | ആരോഗ്യ- കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികളും ഏതെങ്കിലും ഒരു ഗെയിമിൽ പ്രാഗല്ഭ്യം നേടുകയും അതിൻറെ നിയമവശങ്ങൾ പഠിക്കുകയും അതിന്റെ പരിശീലനവും. | ജൂൺ ഒന്നു മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ | വിദ്യാലയ വികസനസമിതി പൂർവവിദ്യാർത്ഥികൾ വികസനസമിതി പൂർവവിദ്യാർത്ഥികൾ, സ്പോൺസേഴ്സ് | സ്പോർട്സിലും ഗെയിംസിലും കുട്ടികളെ വിവിധ മേഖലകളിലേക്ക് അറിയുന്നതിനും കൂടുതൽ പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിനും പുതിയ മേഖലകൾ തേടാനും സഹായിക്കുന്ന പ്രവർത്തനം. |

## അക്കാദമിക് മാസ്റ്റർപ്ലാൻ- കലാ വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **പ്രകൃതിസ്നേഹം** പ്രകൃതി സൗന്ദര്യ ആസ്വാദനം പ്രകൃതി സംരക്ഷണ വസ്തുക്കൾ രൂപം നിറം വൈവിധ്യം തിരിച്ചറിയൽ | **ചിത്രകല** പ്രകൃതി നിരീക്ഷണം തിരിച്ചറിയുക വ്യത്യസ്ത വസ്തുക്കൾ രൂപവ്യതിയാനങ്ങൾ,നിഴലും വെളിച്ചവും പരിസ്ഥിതി നാടകങ്ങൾ | ഹ്രസ്വകാലം | ക്ലാസ്-ഗ്രൂപ്പ് പ്രവർത്തനങ്ങൾ | |
| 2 | ഇന്ത്യയിൽനിലനിൽക്കുന്ന തനത് ചിത്രരചനാ ശൈലികളിൽ പരിചയപ്പെടൽ | വാർലി ചിത്രപ്രദർശനം മറ്റ് ശൈലികൾ, ഐസിടി സാധ്യത ഇതിലൂടെ പരിചയപ്പെടൽ | ഹ്രസ്വകാലം | ക്ലാസ്-ഗ്രൂപ്പ് പ്രവർത്തനങ്ങൾ | |
| 3 | പ്രകൃതിയുടെ സസൂക്ഷ്മനിരീക്ഷണം | പ്രകൃതിയിലെ വ്യത്യസ്ത ജീവജാലങ്ങളെ സൂക്ഷ്മമായി നിരീക്ഷിച്ച് പഠനവിധേയമാക്കുന്നു. ചിത്രങ്ങൾ വരച്ച് നിറം നൽകുന്നു.ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ നടത്തുന്നു | ഹ്രസ്വകാലം | ക്ലാസ്-ഗ്രൂപ്പ് പ്രവർത്തനങ്ങൾ | |
| 4 | **കല** കലാ-സാംസ്കാരം സാമൂഹ്യ മാറ്റത്തിന് അനുസരിച്ച് മാറുന്നു എന്ന് തിരിച്ചറിയൽ | **കലാചരിത്രപഠനം** കേരളീയ,ഭാരതീയ, പാശ്ചാത്യ കലാചരിത്രം സംയുക്തമായി പഠിക്കൽ. ലൈബ്രറി,ഐസിടി സാധ്യതകൾ ഉപയോഗിക്കുന്നു . | ദീർഘകാലം | ഗ്രൂപ്പ് പ്രവർത്തനം | |

| | | | | | |
|---|---|---|---|---|---|
| | | ചർച്ചകൾ,വിമർശനങ്ങൾ | | | |
| 5 | **അനീതിക്കെതിരെ പ്രതികരണം** സാമൂഹ്യപ്രതിബദ്ധത | **സ്വതന്ത്രരചനകൾ** കുട്ടികൾക്ക് അവരവർക്കിഷ്ടമുള്ള ആശയങ്ങൾ ചിത്രങ്ങൾ വരച്ച നിറങ്ങൾ നൽകി ക്ലാസ് റൂം പ്രവർത്തനങ്ങൾ നടത്തുന്നു | ഹ്രസ്വകാലം | വ്യക്തിഗത | |
| 6 | പ്രശസ്ത ചിത്രകല പ്രതിഭകളെ തിരിച്ചറിയുന്നു | ജൂലൈ 29 ന് വാൻഗോഗ് ഓർമ്മദിനം. ജൂലൈ 31 കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ്മദിനം.ഈ ദിനങ്ങളിൽ ഈ ചിത്രകാരന്മാരെ പരിചയപ്പെടുത്തി കൊണ്ടുള്ള പ്രസന്റേഷൻ അവതരണം. മറ്റു പ്രശസ്ത ചിത്രകാരൻമാരെയും അവരുടെ വ്യത്യസ്ത ശൈലികളെയും ലൈബ്രറി,ഐസിടി സാധ്യതകൾ ഉപയോഗിച്ച് പരിചയപ്പെടുത്തുന്നു. | ദീർഘകാലം | ഗ്രൂപ്പ് പ്രവർത്തനം | |
| 7 | ശില്പ-കലാചരിത്രം അടുത്തറിയാൻ | ത്രിമാന ചിത്രങ്ങൾ ശില്പങ്ങൾ ലഭ്യമാക്കുന്ന മാധ്യമങ്ങളിൽ ക്ലാസ് പ്രവർത്തനങ്ങൾ നടക്കുന്നു. പാശ്ചാത്യ-പൗരസ്ത്യ മേഖലകളിലെ ശില്പകല ചരിത്രങ്ങളെ ഐസിടി സാധ്യതകളുപയോഗിച്ച് പരിചയപ്പെടുത്തുന്നു. | ദീർഘകാലം | ക്ലാസ് പ്രവർത്തനങ്ങൾ | |
| 8 | സംഗീത മേഖല അടുത്തറിയൽ | സംഗീതത്തിന്റെ അടിസ്ഥാനഘടകങ്ങൾ, വ്യത്യസ്ത താളങ്ങൾ, വ്യത്യസ്ത സംഗീത-ഉപകരണങ്ങൾ വ്യത്യസ്ത ശൈലിയുള്ള ഗാനങ്ങൾ ഇവയെ ഐസിറ്റി സാധ്യതയുടെ പഠന വിധേയമാക്കുകയും സംഗീത ഉപകരണങ്ങളുടെ ചിത്രശേഖരണവും നടത്തുന്നു . | ദീർഘകാലം | ക്ലാസ്-ഗ്രൂപ്പ് പ്രവർത്തനങ്ങൾ | |
| 9 | രംഗകലാ(നാടകം) തിരിച്ചറിയൽ | നാടകാവിഷ്കാരത്തിന്റെ സമസ്ത മേഖലകളുടെയും | ഹ്രസ്വകാലം | ക്ലാസ്-ഗ്രൂപ്പ് പ്രവർത്തനങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | തിരിച്ചറിഞ്ഞ് കളിയും പാട്ടും നൃത്തവും എല്ലാം ഉൾക്കൊണ്ട് നാടകാവതരണം ക്ലാസ് റൂമുകളിൽ ചെയ്യുന്ന വ്യത്യസ്ത നാടകകേളികൾ പരിചയപ്പെടുന്നു . | | | |
| 10 | നർത്തന-കല അടുത്തറിയൽ | നൃത്തത്തിന്റെ അടിസ്ഥാനഘടകങ്ങൾ തിരിച്ചറിയുന്ന പ്രശസ്ത നർത്തകരെ ഐസിടി ഉപയോഗിച്ച് പരിചയപ്പെടുന്നു. നൃത്താഭിനയംചെറുചലനങ്ങളിലൂടെ കളിപ്പിക്കുന്നു.വ്യത്യസ്ത നിർത്ത ശൈലികൾ പരിചയപ്പെടുന്നു | ദീർഘകാലം | വ്യക്തിഗത-ഗ്രൂപ്പ് പ്രവർത്തനം | |
| 11 | സിനിമാ പ്രവർത്തനങ്ങൾ തിരിച്ചറിയും | കഥ, തിരക്കഥ ,സംഭാഷണം ,സംവിധാനം, ക്യാമറ, വീഡിയോ എഡിറ്റിംഗ് എന്നിങ്ങനെ സിനിമയിലെ വിവിധ ഘടകങ്ങളെ തിരിച്ചറിഞ്ഞ് ഷോർട്ട് ഫിലിമുകൾ നൽകുന്നു | ദീർഘകാലം | ക്ലാസ് റൂം പ്രവർത്തനങ്ങൾ | |
| 12 | ഐ ടി സാധ്യത | കമ്പ്യൂട്ടർ ഗ്രാഫിക്സ്, ആനിമേഷൻ , എഡിറ്റിംഗ് പഠനം | ദീർഘകാലം | ഗ്രൂപ്പ് -വ്യക്തിഗതം | |
| 13 | കലാഭിരുചി വളർത്തുന്നതും തിരിച്ചറിയുന്നതിനും | **മത്സരങ്ങൾ** പെയിൻറിംഗ്,പോസ്റ്റർ, കാർട്ടൂൺ,കൊളാഷ്,നൃത്തം സംഗീതം,അഭിനയം മേഖലകൾ | ഹ്രസ്വകാലം | ഗ്രൂപ്പ് -വ്യക്തിഗതം | പി ടി എ |
| 14 | നിർമ്മാണ വൈവിധ്യം ക്രിയാത്മക ചിന്ത | **എക്സിബിഷൻ** ക്ലാസ് എക്സിബിഷൻ **വാർഷിക എക്സിബിഷൻ** കരകൗശല വസ്തുക്കൾ നിർമ്മാണ, എംബ്രോയ്ഡറി ,പേപ്പർ ഫ്ലവർ ,പെയിൻറിംഗ്, വെജിറ്റബിൾ പ്രിൻറിംഗ്, മെറ്റീരിയൽ പ്രോഡക്ട് നിർമ്മാണം | ദീർഘകാലം | ഗ്രൂപ്പ് -വ്യക്തിഗതം | പി ടി എ |

| | | | | | |
|---|---|---|---|---|---|
| | | തുടങ്ങിയവ | | | |
| 15 | നിരീക്ഷണപാടവം അന്വേഷണ ബുദ്ധി വർദ്ധിപ്പിക്കൽ | കാലാ സൃഷ്ടികൾ, അസൈമെൻറ് പ്രൊജക്റ്റ് | മാസത്തിൽ ഒന്ന് | ഗ്രൂപ്പ് - വ്യക്തിഗതം | രക്ഷിതാക്കൾ |
| 16 | സംഘടനാപാടവം | ക്ലബ് പ്രവർത്തനങ്ങൾ | ദീർഘകാലം | ഗ്രൂപ്പ് | പി ടി എ |
| 17 | ആസ്വാദന ശേഷി അവതരണ മികവ് | സംഗീതം നൃത്തം നാടകാവതരണം ചിത്രീകരണം ചിത്രകല തുടങ്ങി അഞ്ചു മേഖലകളിലും കഴിവുള്ളവർക്ക് അവതരണത്തിനും ആസ്വദിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ | ദീർഘകാലം | ഗ്രൂപ്പ് - വ്യക്തിഗതം | രക്ഷിതാക്കൾ |
| 18 | ഹ്രസ്വ ചിത്ര നിർമ്മാണം | സാമൂഹ്യപ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനുള്ള മാധ്യമം,അഭിനയശേഷി, കലാമൂല്യം ICT സാധ്യത പ്രയോജനപ്പെടുത്തൽ | ഹ്രസ്വകാലം | ക്ലബ്ബ്-ഗ്രൂപ്പ് ആർട്സ് ക്ലബ് | രക്ഷിതാക്കൾ |
| 19 | കലയെ ഉൾപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാകുന്നതിന് | ആർട്ട് അപ്ലൈഡ് ലേണിങ് വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നു | ഹ്രസ്വകാലം | ഗ്രൂപ്പ് | |
| 20 | സർഗ്ഗശേഷി വർധിപ്പിക്കൽ | **വ്യത്യസ്ത രചനാമത്സരങ്ങൾ** കഥ,കവിത,ചിത്രകല,ശില്പകല നൃത്തം,നാടകം തുടങ്ങിയ മേഖലകളിൽ ദിനാചരണങ്ങളുടെ അനുബന്ധിച്ച് കലാമത്സരങ്ങൾ അനുബന്ധിച്ച് ആഴ്ചയിൽ ഒന്നു നടത്തുന്നു. | ദീർഘകാലം | വ്യക്തിഗത ഗ്രൂപ്പ് പ്രവർത്തനങ്ങൾ | |

## CWSN വിഭാഗത്തിലുള്ള കുട്ടികൾക്കുവേണ്ടിയുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ

പൊതുവിദ്യാലയങ്ങളിൽ പ്രത്യേക പരിഗണ അർഹിക്കുന്ന കുട്ടികളെ സാമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആർ.എം.എസ്.എ യുടെ കീഴിൽ CWSN പ്രവർത്തിക്കുന്നു. സവിശേഷ സഹായം അർഹിക്കുന്ന കുട്ടികളെ റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ അക്കാദമിക, സാഹിത്യ, കലാ-കായിക വിദ്യാഭ്യാസം പരിശീലിപ്പിക്കുന്നു. സെന്റ് ഇഫ്രേംസ് ഹൈസ്കൂൾ ചിറക്കടവിൽ 8-10 വരെ ക്ലാസ്സുകളിലായി MR, HI, VI, LD എന്നീ വിഭാഗത്തിൽ 26 കുട്ടികൾ റിസോഴ്സ് അദ്ധ്യാപികയുടെ സഹായത്താൽ പഠിച്ചുവരുന്നു. ഈ കുട്ടികൾക്ക് സാമ്പത്തികാനുകൂല്യം പരീക്ഷാസഹായം, സഹായോപകരണങ്ങൾ എന്നിവ RMSA, DEO എന്നീ തലങ്ങൾ വഴി ലഭ്യമാക്കുന്നു. കുട്ടികളെ PRASHAST ൽ ചേർക്കുകയു ചെയ്യുന്നു.

### ഹ്രസ്വകാലം

1. 8 ക്ലാസ്സ് മുതൽ CWSN കുട്ടികളെ സ്ക്രീൻ ചെയ്തുത് അവർ ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് കണ്ടെത്തുക
2. സ്ക്രീൻ ചെയ്ത് കുട്ടികളെ IQ Assesment ചെയ്ത് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നു.
3. മുഴുവൻ CWSN കുട്ടി കളേയും എഴുത്തും, വായനയും പരിശീലിപ്പിക്കുന്നു
4. ചതുഷ്ക്രിയകൾ പഠിപ്പിക്കുന്നു
5. വായന പ്രോത്സാഹിപ്പിക്കുന്നു.
6. കലാവാസനകളെ പരിപോഷിപ്പിക്കുന്നു.

### മദ്ധ്യകാലം

1. തൊഴിലധിഷ്ഠിത വിദ്യാ ഭ്യാസം
2. തയ്യൽ, ബാഗ്, നിർമ്മാണം, ചോക്ക് നിർമ്മാണം, ഓർണ്ണമെന്റ് നിർമ്മാണം തുടങ്ങിയവ
3. ജൈവകൃഷി പരിശീലനം

### ദീർഘകാലം

1. സർവ്വേ : ഈ സ്കൂളിൽ നിന്ന് പത്താം ക്ലാസ്സ് കഴിഞ്ഞു പോയ കുട്ടികളെ കണ്ടെത്തുന്നു.
2. കണ്ടെത്തിയ കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നു.
3. സ്പെഷ്യൽ എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചയ്യുന്നു.

| ക്രമ ന മ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക ം |
|---|---|---|---|---|---|
| 1 | സവിശേഷ സഹായം അർഹിക്കുന്ന കുട്ടികളെ കണ്ടെത്തൽ | പഠനത്തിൽ പിന്നോട്ടു നിൽക്കുന്ന കുട്ടികളെ സ്ക്രീനിംഗ് ടെസ്റ്റ് നടത്തി അവരുടെ കറന്റ് ലെവൽ തിരിച്ചറിഞ്ഞ് അവർ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് മെഡിക്കൽ ക്യാമ്പ് വഴി വൈകല്യം തെളിയിക്കുന്ന മെഡി ക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നു. | ആറ് മാസം | രക്ഷിതാവ്, പ്രധാനാദ്ധ്യാപകൻ,റിസോഴ്സ് ടീച്ചർ, ക്ലാസ്സ് ടീച്ചർ | |
| 2 | ഭാഷാശേഷി വർദ്ധിപ്പിക്കുക\| | CWSN കുട്ടികൾക്ക് വിവിധതരം അക്ഷര കാർഡുകൾ, ചിഹ്ന ങ്ങൾ ഉള്ള കാർഡുകൾ തുടങ്ങിയവ നൽകികൊണ്ട് വാക്കു കൾ കണ്ടെത്താനുള്ള പരിശീലനം | 2 മാസം | റിസോഴ്സ് അദ്ധ്യാപിക രക്ഷിതാവ് അദ്ധ്യാപകർ | രക്ഷിതാവ് |
| 3 | പദസമ്പത്ത് വർദ്ധിപ്പിക്കൽ | പദക്കുടുക്ക നിർമ്മാണം | എല്ലാ ആഴ്ച്ചയിലും | റിസോഴ്സ് അദ്ധ്യാപിക | രക്ഷിതാവ് പി.റ്റി.എ |
| 4 | വായന പ്രോത്സാഹിപ്പിക്കുന്നു | പത്രം,മാഗസിനുകൾ,പാഠപുസ്തകങ്ങൾ എന്നിവ ക്ലാസ്സിൽ വായിപ്പിക്കുന്നു | എല്ലാ ആഴ്ച്ചയിലും | റിസോഴ്സ് അദ്ധ്യാപിക | രക്ഷിതാവ് പി.റ്റി.എ |
| 5 | ആരോഗ്യകായിക ക്ഷമത വർദ്ധിപ്പിക്കുന്നു | കുട്ടികളെ ആരോഗ്യകായിക അദ്ധ്യാപികന്റെ സഹായത്താൽ വ്യായാമമുറകൾ,ഗെയിം എന്നിവയിൽ പരിശീലനം കൊടുക്കുന്നു. | എല്ലാ ആഴ്ചയിലും | റിസോഴ്സ് അദ്ധ്യാപിക, ആരോഗ്യകായിക അദ്ധ്യാപികൻ | രക്ഷിതാവ് |
| 6 | കാലവാസനകളെ പരിപോഷിപ്പിക്കുന്നു | സംഗീതം, നൃത്തം, നാടകം എന്നിവയ്ക്ക് കുട്ടികൾക്ക് പരിശീലനം നൽകുന്നു | എല്ലാ ആഴ്ച്ചയിലും | റിസോഴ്സ് അദ്ധ്യാപിക | രക്ഷിതാവ് പി.റ്റി.എ |

## ഡൈനിങ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം, ആരോഗ്യം | സൗകര്യപ്രദമായസ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ നിർമ്മിക്കൽ | രണ്ടുവർഷ ം | പി. റ്റി. എ | |

## സ്റ്റാഫ് റൂം നവീകരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | സ്റ്റാഫ് റൂം കുറേക്കൂടി സൗകര്യപ്രദമായ വിധത്തിൽ ഒരുക്കൽ | ഒരു വർഷം | പി. റ്റി. എ | |

## പരിസരം സൗന്ദര്യവൽക്കരിക്കൽ

മേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസരം സൗന്ദര്യവൽക്കരിക്കുന്നതിന് | സ്കൂൾ പരിസരം ചെടികൾ വച്ച്പിടിപ്പിക്കുക, കൂടുതൽ ഭംഗിയുള്ളതാക്കുക | നാല് വർഷം | പി. റ്റി. എ, പൂർവ്വ വിദ്യാർത്ഥികൾ | സ്പോൺ സർഷിപ്പ് |

## ലൈബ്രറി മെച്ചപ്പെടുത്തൽ

മേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ വായനാശീലം വളർത്തുക | ലൈബ്രറി കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കസേര, മേശ, വായനാ മുറി എന്നിവ കൂടുതൽ സജ്ജീകരിക്കുക. കുട്ടികൾക്ക് വായിക്കാനവശ്യമായ പുസ്തകങ്ങൾ ലഭ്യ മാക്കുക | രണ്ട് വർഷം | ലൈബ്രേറിയൻ, പി. റ്റി. എ | സ്പോൺ സർഷിപ്പ് |

## മാലിന്യ സംസ്കരണം

മേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം. ആരോഗ്യം | സ്കൂൾ കോമ്പൗണ്ടിനെ മാലിന്യ വിമുക്തമാക്കത്തക്ക രീതിയിൽ ജൈവ | മൂന്ന് വർഷം | അദ്ധ്യാപക, രക്ഷാകർത്ത്യ | സ്പോൺ സർഷിപ്പ് |

| | | | | |
|---|---|---|---|---|
| | മാലിന്യപ്ലാന്റ് നിർമ്മാണം. | | യോഗം | |

## പി.റ്റി.എ ശക്തിപ്പെടുത്തൽ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **നിലവിലുള്ള പി.റ്റി.എ കൂടുതൽ പ്രവർത്തനോന്മുഖമാക്കൽ** | പി. റ്റി. എ മെമ്പേഴ്സിന് സ്കൂൾ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം | 1 വർഷം | ഹെഡ്മിസ്ട്രസ്സ് | |

## വിദ്യാലയ വികസന സമിതി

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വികസന സമിതി രൂപീകരിച്ച് വികസനത്തിന് മേൽനോട്ടം നൽകുന്നതിന് | പി.റ്റി.എ.യിൽ നിന്നും പൂർവ്വ വിദ്യാർത്ഥിക ളിൽ നിന്നും വിദ്യാലയ വികസന സമിതിയിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുന്നു | 2 വർഷം | പി.റ്റി.എ | |

## പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പൂർവ്വവിദ്യാർത്ഥി സംഘടന മെച്ചപ്പെടുത്തുക | തിരുമുറ്റം പൂർവ്വ വിദ്യാർത്ഥി സംഘടനയിൽ കൂടുതൽ പൂർവ്വ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുക സ്കൂളിന്റെവികസനപ്രവർത്തനങ്ങളിൽ അവരെക്കൂടി പങ്കാളികളാക്കുക | 2 വർഷം | അദ്ധ്യാപകർ പൂർവ്വാദ്ധ്യകർ | |

## സഹകരണ സ്ഥാപനങ്ങൾ പോലുള്ള പൊതുസ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തൽ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയം മികവുറ്റതാകുന്നതിന ് | പൊതുസ്ഥാപനങ്ങളെ സ്കൂളിൻ്റെ പ്രവർത്ത നമേഖലയുമായി ബന്ധിപ്പിച്ച് മികവിലേയ്ക്ക് നയിക്കുന്നു | 4 വർഷം | പി. റ്റി. എ | |

## ഭവനസന്ദർശനം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുമായും സമൂഹവുമായും കൂടുതൽ ഇടപെടൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കൽ | അദ്ധ്യാപകരും പി.റ്റി.എ. അംഗങ്ങളും ചേർന്ന് കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തുന്നു | 2 വർഷം | എച്ച്.എം, പി.റ്റി.എ അദ്ധ്യാപകർ | |

## പൊതിച്ചോറ്.

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹത്തിലെ ഇല്ലായ്മകൾ മനസ്സിലാക്കി കുട്ടികളെ സാമൂഹ്യപ്രതിബദ്ധതയുള്ള വരാക്കുക | ആഴ്ചയിലൊരിക്കൽ ഒരു ദിവസം ഒരു പൊതിച്ചോർ പദ്ധതി | 1 വർഷം | അദ്ധ്യാപകർ രക്ഷിതാക്കൾ | |

## പ്രതീക്ഷിത നേട്ടങ്ങൾ

പി.റ്റി.എ.,പൊതുസ്ഥാപനങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ, പഞ്ചായത്ത് മറ്റ് വിവിധ ജനസമ്പർക്കപരിപാടികൾ എന്നിങ്ങനെ ക്രിയാത്മകമായ പല പദ്ധതികളിലൂടെയും സ്കൂളിന്റെ കെട്ടിലും മട്ടിലും, കുട്ടികളുടെ പഠന നിലവാരത്തിലും വളരെയേറെ മാറ്റങ്ങൾ വരുത്തുവാനും കൂടുതൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## മോണിറ്ററിംഗ്

- ഉദ്യോഗസ്ഥതലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലം മുതൽ ശക്തമാക്കുക.
- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ., എസ്. എസ്. ജി., എസ്.ആർ.ജി. ഒ. എസ്. എ. എന്നിവരെ ഉൾപ്പെടുത്തി ) നടപ്പിലാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് എച്ച്.എം/പ്രിൻസിപ്പാൽ/ എസ് ആർ. ജി. കൺവീനർ, പി. റ്റി. എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം

## ഉപസംഹാരം

അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

ഇത് സെന്റ് ഇഫ്രേംസിന്റെ സ്വപ്നമാണ്. മികവുറ്റ ക്ലാസ്സ്മുറികൾ, മെച്ചപ്പെട്ട പഠനാന്തരീക്ഷം, ക്ലാസ്സുകളിൽ ആവശ്യത്തിന് കുട്ടികൾ, ക്രിയാത്മകമായ പഠനരീതി, ഇതിനേക്കാൾ ഉപരിയായി മനുഷ്യത്വവും പ്രകൃതി സ്നേഹവുമുള്ള തലമുറകളെ വാർത്തെടുക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക; ഇതിനുള്ള നവീന പദ്ധതികളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പി.റ്റി. എ, പൂർവ്വവിദ്യാർത്ഥികൾ, പൊതുസ്ഥാപനങ്ങൾ, സമൂഹം തുടങ്ങി എല്ലാവരുടെയും പങ്കാളിത്തത്തോടുകൂടി ഈ പദ്ധതികൾ സാക്ഷാത്ക്കരിക്കാൻ സാധിക്കും.